LIBRARY ARCHIVES Kerala Legislative Assembly

എഫ്. എ. സി. ടി. സഹകരണ വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം

97 [2749] ശ്രീ. ഷിബു ബേബിജോൺ:
„ എ. എൻ. രാജൻ ബാബു:
„ ഉമേഷ് ചള്ളിയിൽ:
„ ജോണി നെല്ലൂർ:
„ കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്. എ. സി. ടി. സഹകരണവകുപ്പ് ഏറ്റെടുക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ —സി) എഫ്. എ. സി. ടി.-യെ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന 'ഇഫ്കോ' ഏറ്റെടുക്കുന്നതിലേക്കായി അന്തർ സംസ്ഥാന സഹകരണ നിയമപ്രകാരം ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെയും അതല്ലായെങ്കിൽ ഫാക്ടറി തൊഴിലാളികളുടെ ഒരു സംഘം രൂപീകരിച്ച് പ്രസ്തുത സംഘം ഫാക്ടറി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചും അതല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, സംസ്ഥാനത്തെ മറ്റു സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഓഹരി ഉടമസ്ഥതയിൽ ഫാക്ടറി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചും സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കയാണ്.

ഫാക്ടിനെ സഹകരണമേഖലയിൽ നിലനിർത്താൻ നടപടി

98 [2750] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടിനെ സഹകരണമേഖലയിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഫാക്ടിനെ സഹകരണമേഖലയിൽ നിലനിർത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചുവോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ —സി) ഫാക്ടിനെ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന 'ഇഫ്കോ' ഏറ്റെടുക്കുന്നതിലേക്കായി അന്തർ സംസ്ഥാന സഹകരണ നിയമപ്രകാരം ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെയും അതല്ലായെങ്കിൽ ഫാക്ടറി തൊഴിലാളികളുടെ ഒരു സംഘം രൂപീകരിച്ച് പ്രസ്തുത സംഘം ടി ഫാക്ടറി ഏറ്റെടുക്കുന്നത് സംബന്ധിച്ചും അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, സംസ്ഥാനത്തെ മറ്റു സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഓഹരി ഉടമസ്ഥതയിൽ ഫാക്ടറി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചും സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കയാണ്.